# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2310

## 05-11-2019 ൽ മറുപടിക്ക്

## കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളുടെ പുരോഗതി

| ചോദ്യം<br>ശ്രീ. സി.മമ്മൂട്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന അനുവദിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന അനുവദിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുവാനും, സുതാര്യതയും ഗുണ നിലവാരവും ഉറപ്പുവരുത്തുന്നതിനായും കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. കൂടാതെ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോട്ടു കൂടി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം വളരെ അധികം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു.<br><br>ഇതിനു പുറമെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ ഏജൻസികളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ നൽകുന്നതിന് ടെക്നിക്കൽ റിസോഴ്സ് സെന്റർ എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ